# പതിമൂന്നാംകേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5875** **07.07.2014 - ൽ മറുപടിക്ക്**

## ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| | ശ്രീ. കെ.സി. ജോസഫ് |
| ഡോ.കെ.ടി.ജലീൽ | (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിൽ 2014-ൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും 2014 ജനുവരിയിൽ തയ്യാറാക്കേണ്ടിയിരുന്ന സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) 2014-ൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലേയ്ക്കും വേണ്ട സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ എന്നാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് കാലതാമസം വരുവാനുണ്ടായ കാരണമെന്തന്ന് വിശദമാക്കുമോ? | (ബി) സെലക്ട് ലിസ്റ്റിൽ പരിഗണിക്കേണ്ട ഉദ്യോഗസ്ഥരുടെ 2013 വർഷത്തെ വാർഷിക രഹസ്യ റിപ്പോർട്ട് 2014 ജനുവരി 31 നകം ലഭ്യമാക്കണമെന്ന് 7/12/2013 ലെ ഈ ആഫീസിലെ ഇ.എ (2)34368/13/DES നമ്പർ പരിപത്ര പ്രകാരം ആവശ്യപ്പെട്ടിരുന്നു. നിശ്ചിത സമയത്തിനകം വാർഷിക രഹസ്യ റിപ്പോർട്ട് ലഭ്യമാക്കാത്തവരോട് അടിയന്തിരമായി ലഭ്യമാക്കുവാൻ 25/02/2014 ലെ രജിസ്ട്രേഡ് നോട്ടീസ് മുഖേന ആവർത്തിച്ച് ആവശ്യപ്പെട്ടു. ഇത്തരത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സൂക്ഷ്മ പരിശോധന നടത്തിയതിൽ നിരവധി പോരായ്മകൾ കണ്ടതിനെ തുടർന്ന് ടി. ഉദ്യോഗസ്ഥരോട് പോരായ്മകൾ പരിഹരിച്ച രഹസ്യ |

റിപ്പോർട്ടുകൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ന്യൂനതകൾ പരിഹരിച്ച രഹസ്യ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡി.പി.സി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഹയർ ഡി.പിസി 4/07/2014 ൽ കൂടുകയുണ്ടായി ലോവർ ഡി.പി.സി ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ട തസ്തികകൾ 30/04/2014 വരെ ഉണ്ടായിട്ടുള്ള ഒഴിവുകൾ 21/01/2014 ൽ ചേർന്ന 2013 ലെ അഡ്ഹോക് ഡി.പി.സി മുഖേന തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലൂടെ നികത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 1/05/2014 മുതൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ലോവർ ഡി.പി.സി ചേരുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ